

കനകക്കുന്നിലെ സൂര്യകാന്തിയിൽ ഒരുക്കിയ മിയാവാക്കി വനം.

# മിയാവാക്കി ഇനി ഹരിതസ്മരണ; 80 'കുട്ടിക്കാടുകൾ' നമുക്കും

വിനീത ഗോപി

തിരുവനന്തപുരം● കാടുകളുടെ അപ്പൂപ്പൻ, വിഖ്യാത ജാപ്പനീസ് പരിസ്ഥിതി, സസ്യ ശാസ്ത്രജ്ഞൻ അകിറ മിയാവാക്കി (93) വിടവാങ്ങുമ്പോൾ അദ്ദേഹത്തിന്റെ ഓർമയിൽ എൺപതോളം 'കുട്ടിക്കാടുകൾ' കേരളത്തിൽ പച്ചപുതച്ചു വളർന്നുയരുന്നു.

ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത കേരളത്തിൽ സംഘടിപ്പിച്ച തന്റെ 92-ാം പിറന്നാൾ ആഘോഷമാണ് മിയാവാക്കി പങ്കെടുത്ത അവസാനത്തെ പൊതുചടങ്ങ്.

2020 ജനുവരി 28 ന് ചാല ഗവ.ഗേൾസ് ഹൈസ്കൂളിനകത്തു മിയാവാക്കിയോടുള്ള ആദരസൂചകമായി ഒരു കാടിനു രൂപം നൽകിക്കൊണ്ടായിരുന്നു ഹൃദ്യമായ ആ പിറന്നാൾ ആഘോഷം. കേരള ഡവലപ്മെന്റ് ആൻഡ് സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) ഏറ്റെടുത്ത പരിസ്ഥിതി പദ്ധതികളിൽ പ്രധാനമാണു മിയാവാക്കി വനവൽക്കരണം. കെ-ഡിസ്കിന്റെ ഇതിലെ ആദ്യ സംരംഭമായിരുന്നു ചാല സ്കൂളിലെ കാടു നിർമാണം.

ഇൻവിസ് മൾട്ടിമീഡിയ എന്ന സ്ഥാപനത്തിന്റെ സിഎസ്ആർ പ്രവർത്തന ഭാഗമായി ജീവനക്കാരും പരിസ്ഥിതി പ്രവർത്തകരും ചേർന്നു കാടിനുള്ള നിലമൊരുക്കി, നടാനുള്ള തൈകൾ എത്തിച്ചു. വിദ്യാർഥികൾ ആ ചെടികൾ നട്ടു. പരിപാലനം കെ-ഡിസ്ക്കും. 10 സെന്റിൽ 1603 ചെടികളാണ് ഇവിടെ നട്ടിരിക്കുന്നത്.

മിയാവാക്കിയുടെ ശിഷ്യൻ ജപ്പാനിലെ യോക്കോഹാമ നാഷനൽ യൂണിവേഴ്സിറ്റിയിലെ പ്രഫ.ഫുജിവാറയെയും മിയാവാക്കിയുടെ പുസ്തക രചനയിലെ പങ്കാളി എൽജീൻ ഒ.ബോക്സിനെയും ആ പരിപാടിയിലേക്കു ക്ഷണിച്ചിരുന്നു.

അവരാണ് ഉദ്ഘാടനം നിർവഹിച്ചത്. മസ്തിഷ്കാഘാതത്തെത്തുടർന്നു ചികിത്സയിലായിരുന്ന മിയാവാക്കി അപ്പൂപ്പൻ 'സ്കൈപ്പി'ൽ പ്രത്യക്ഷപ്പെട്ടു തന്റെ പിറന്നാൾ ആഘോഷത്തിൽ പങ്കുചേർന്നു. ഭൂപടത്തിൽ മാത്രം കണ്ടിട്ടുള്ള കേരളത്തിൽ തന്റെ പിറന്നാൾ ഇപ്രകാരം ആഘോഷിക്കുന്നതിൽ അദ്ദേഹം ശരിക്കും അമ്പരന്നു. പൊട്ടിച്ചിരിച്ചും കൈ കൊട്ടിയും കുട്ടികളെപ്പോലെ ആഹ്ലാദിച്ചു.

അടുത്ത വർഷം സ്കൈപ്പിൽ വീണ്ടും കാണാമെന്ന് അറിയിച്ചു.

പക്ഷേ അനാരോഗ്യം മൂലം അതു നടന്നില്ല. കഴിഞ്ഞ വർഷം ജപ്പാനിൽ മിയാവാക്കിയുടെ 92-ാം പിറന്നാൾ ഗംഭീരമായി ആഘോഷിക്കാൻ നിശ്ചയിച്ചിരുന്നു. പക്ഷേ കോവിഡ് പിടിമുറുക്കിയതിനാൽ അതു നടന്നില്ല. അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വഷളായതിനാൽ ഈ വർഷത്തെ ആഘോഷവും നടന്നില്ല. കർശന കോവിഡ് നിയന്ത്രണങ്ങൾ മൂലം പ്രിയപ്പെട്ടവർക്ക് ഒരു നോക്കു പോലും കാണാനാകാതെ ഒടുവിൽ മിയാവാക്കി വിടവാങ്ങി.

വിഖ്യാതമായ ബ്ലൂ പ്ലാനറ്റ് പ്രൈസ് 78 -ാം വയസ്സിൽ ഏറ്റുവാങ്ങി മിയാവാക്കി പറഞ്ഞു: എനിക്കിനിയും 30 കൊല്ലം കൂടി ജീവിക്കണം. ചെടികൾ നടാൻ. ജീവാരണ്യങ്ങൾ സൃഷ്ടിക്കാൻ. മറ്റൊന്നും എനിക്കു വേണ്ട. 15 വർഷം അദ്ദേഹം ആ വാക്കു പാലിച്ചു.

## ആദ്യ മിയാവാക്കി കാട് തിരുവനന്തപുരത്ത്

പുളിയറക്കോണം മൂന്നാംമൂട്ടിലെ മൂന്നു സെന്റിലായിരുന്നു കേരളത്തിലെ ആദ്യ മിയാവാക്കി കാട്. ഇൻവിസ് മൾട്ടിമീഡിയ മാനേജിങ് ഡയറക്ടർ എം.ആർ.ഹരിയാണ് 2018 ജനുവരിയിൽ മിയാവാക്കി മാതൃക സ്വീകരിച്ചത്. മൂന്നു സെന്റിൽ അഞ്ഞൂറോളം ചെടികൾ. മൂന്നാം വർഷത്തിൽ 30 അടിയും പിന്നിട്ടു പൊങ്ങുകയാണ് ഈ മരങ്ങൾ.

പുളിയറക്കോണത്തെ മിയാവാക്കി കാട് വിജയിച്ചതോടെ ടൂറിസം വകുപ്പ് ഇത് ഏറ്റെടുത്തു. നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷൻ, ഓർഗാനിക് കേരള മിഷൻ സൊസൈറ്റി, കൾച്ചറൽ ഷോപ്പേ എന്നീ സംഘടനകളാണു ടൂറിസം വകുപ്പിനു വേണ്ടി മിയാവാക്കി പദ്ധതി കൈകാര്യം ചെയ്യുന്നത്. ജനങ്ങൾക്കു മിയാവാക്കി മോഡൽ പരിചയപ്പെടുത്താൻ തിരുവനന്തപുരം കനകക്കുന്ന് വളപ്പിനകത്തും ഒരു കാടുണ്ട്. രണ്ടു വർഷം പ്രായമായ ഈ കാട് 5 സെന്റ് സ്ഥലത്ത് 426 ചെടികൾ തിങ്ങിനിറഞ്ഞതാണ്.

## കൊലപ്പെടുത്തിയത് ആക്രമ

# അനീഷിന്റെ
# 5 പേർ അറ

നേമം● കൊലക്കേസും പിടിച്ചുപറിയും ഉൾപ്പെടെ 27 കേസുകളിൽ പ്രതിയായ നരുവാമൂട് മച്ചേൽ കുളങ്ങരക്കോണം ആയക്കോട് മേലെ പുത്തൻ വീട്ടിൽ കാക്ക അനീഷിനെ(28) കൊലപ്പെടുത്തിയ കേസിൽ അഞ്ചുപേരെ നരുവാമൂട് പൊലീസ് അറസ്റ്റ് ചെയ്തു.

കുളങ്ങരക്കോണം ലീല ഭവനിൽ അനൂപ്(28), കുളങ്ങരക്കോണം സന്ദീപ് ഭവനിൽ സന്ദീപ്(25), കുളങ്ങരക്കോണം പൂവണംകുഴി മേലെ വീട്ടിൽ അരുൺ(24), വട്ടവിള പുലരിയോട് മേലെ പുത്തൻ വീട്ടിൽ വിഷ്ണു എന്നു വിളിക്കുന്ന രജിത്(25), മാറഞ്ചൽക്കോണം വരിയ്ക്കപ്ലാ വീട്ടിൽ നന്ദു എന്നുവിളിക്കുന്ന അനൂപ്(25) എന്നിവരാണ് അറസ്റ്റിലായത്. ഞായറാഴ്ച രാവിലെയാണ് മച്ചേൽ മുളയ്ക്കൽ പാലത്തിന് സമീപം ഒഴിഞ്ഞ കട്ടപ്പുരയിൽ അനീഷിനെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്.

ഇന്നലെ രാവിലെ പ്രാവച്ചമ്പലം ഇടയ്ക്കോട് ഇടമലയിൽ നിന്ന് പിടികൂടിയ ഇവരെ സംഭവ സ്ഥലത്തെത്തിച്ച് തെളിവെടുപ്പ് നടത്തി. കൃത്യത്തിന് ഉപയോഗിച്ച രണ്ട് വാളുകൾ, ഒരു കത്തി എന്നിവ പൊലീസ് കണ്ടെടുത്തു. അനീഷിന്റെ നിരന്തര ശല്യം കാരണമാണ് കൃത്യത്തിന് മുതിർന്നതെന്ന് ഇവർ പൊലീസിനോട് പറഞ്ഞു. കൊലയിലേക്ക് കലാശിച്ചതിന് പിന്നിൽ മറ്റെന്തെങ്കിലുമുണ്ടോയെന്നും പൊലീസ് അന്വേഷിച്ച് വരുന്നു.

ഇവരെ കാണുമ്പോൾ കൊലപ്പെടുത്തുമെന്നും മറ്റും അനീഷ് ഭീഷണിപ്പെടുത്തുമായിരുന്നു. കഴിഞ്ഞയാഴ്ച മരിച്ച അനീഷിന്റെ വലിയച്ഛന്റെ വീട്ടിൽ ഇവർ

എത്തിയപ്പോഴും ഭീഷണിപ്പെടു
ന്നു. സംഭവത്തിന് തലേദിവസ
ആവർത്തിച്ചു. ഇതാണ് പെ
പ്രകോപനമെന്ന് പൊലീസ്
ജീവന് ഭീഷണി ഉള്ളതിനാൽ
വീട്ടിൽ കഴിയാറില്ല.
ഇയാളുടെ സ്ഥിരം താവളം അ
ന്ന സംഘം രാത്രിയോടെ ഇ


അറസ്റ്റിലായ അനൂപ്, സന്ദീപ്, അ

### കൊല്ലപ്പെടുന്നതി

നേമം● കൊല്ലപ്പെടുന്നതിന്
ത്തിൽ കിടന്ന രണ്ടര പവൻ
ലീസ് അന്വേഷണം നടത്തു
ഇയാൾ പൊലീസിനെ വെട്ടി
കൾ മുൻപ് സമാനമായ കേ
സംഭവത്തിന് ശേഷം മാനന
ഇതേപ്പറ്റി സംസാരിച്ചിരുന്നു
ത്ത് ഇവരിൽ ചിലർ ആൾക്കൂ
ലത്താണ് കൊല നടന്നതെ
എന്നാൽ റൂറൽ എസ്പി പി
ചെയ്ത് നടത്തിയ അന്വേഷ
ത്തുടർന്ന് നെയ്യാറ്റിൻകരയു
സ് സന്നാഹം അന്വേഷണം

# സ്വത്തുതർക്കം: വയോധി സംസ്കരിക്കുന്നതിൽ രണ

● ആർഡിഒയുടെ ഇടപെടലിൽ പരിഹാരം

മലയിൻകീഴ് ● വയോധികയുടെ മൃതദേഹം സംസ്കരിക്കുന്ന സ്ഥലത്തെ ചൊല്ലി ബന്ധുക്കൾ തമ്മിൽ തർക്കം. രണ്ടാം നാൾ ആർഡിഒയുടെ ഇടപെടലിലൂടെയാണ് മൃതദേഹം സംസ്കരിച്ചത്. വിളപ്പിൽശാല മുളയറ ക്രൈസ്റ്റ് വില്ലയിൽ പരേതനായ ബാലയ്യൻ നാടാരുടെ ഭാര്യ പത്മാക്ഷി (78 ) ആണ് ഞായറാഴ്ച വൈകിട്ട് മകൾ അജിത കുമാരിയുടെ വലിയവിളയിലെ വീട്ടിൽ മരിച്ചത്. വിളപ്പിൽശാല നെടുങ്കുഴിയിൽ ഭർത്താവിനെ അടക്കം ചെയ്ത സ്വന്തം ഭൂമിയിൽ തന്നെയും മറവു ചെയ്യണമെന്ന് പത്മാക്ഷി പറഞ്ഞിട്ടുണ്ടത്രെ. ഇതുപ്രകാരം നെടുങ്കുഴിൽ ബന്ധപ്പെട്ടവർ ഞായറാഴ്ച രാത്രി മൃതദേഹം കൊണ്ടു വന്നെങ്കിലും കൊ


പത്മാക്ഷി

666 പേർക്കു കൂടി കോവിഡ്

# ഡിവൈഎഫ്ഐ നേതാവിന്റെ വീടിന് നേരെ ബോ